REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 07-06-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

1. മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിയെ NDA പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തു.
2. നരേന്ദ്രമോദിയുടെ മൂന്നാം സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഒരുക്കങ്ങൾ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
3. പലിശ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് പുതിയ ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു.
4. സംസ്ഥാന ഗവൺമെന്റിന്റെ മൂന്നു വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് പ്രകാശനം ചെയ്യും.
5. CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം ആരംഭിച്ചു.

## വാർത്തകൾ വിശദമായി

**മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിയെ NDA പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തു. കേന്ദ്രമന്ത്രിസഭാ രൂപീകരണത്തിന് വഴിയൊരുക്കാൻ ന്യൂഡൽഹിയിൽ ആരംഭിച്ച NDA പാർലമെന്ററി പാർട്ടി യോഗത്തിലാണ് അദ്ദേഹത്തെ ഏകകണ്ഠമായി തിരഞ്ഞെടുത്തത്.**

**പഴയ പാർലമെന്റ് മന്ദിരത്തിലെ യോഗത്തിൽ BJP യുടെയും TDP, JDU, LJP -R, ശിവസേന ഷിൻഡെ വിഭാഗം, JDS മുന്നണിയിലെ മറ്റ് പാർട്ടികൾ എന്നിവയിലെ പുതുതായി തിരഞ്ഞെടുത്ത അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദി, BJP അധ്യക്ഷൻ JP നദ്ദ, കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, നിതിൻ ഗഡ്കരി, പിയൂഷ് ഗോയൽ, അനുരാഗ്**

സിംഗ് ഠാക്കൂർ, TDP നേതാവ് ചന്ദ്രബാബു നായിഡു, JDU പ്രസിഡണ്ട് നിതീഷ് കുമാർ, LJP - R നേതാവ് ചിരാഗ് പസ്വാൻ, NCP നേതാവ് അജിത് പവാർ, RLD നേതാവ് ജയന്ത് ചൗധരി, ജൻസേനാ നേതാവ് പവൻ കല്യാൺ, അപ്ന ദൾ എസ് നേതാവ് അനുപ്രിയാ പട്ടേൽ, JDS നേതാവ് HD കുമാരസ്വാമി തുടങ്ങിയവരും മറ്റു നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

നരേന്ദ്രമോദിയുടെ മൂന്നാം സത്യപ്രതിജ്ഞാ ചടങ്ങിന്റെ ഒരുക്കങ്ങൾ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ശുചീകരണ തൊഴിലാളികൾ, ട്രാൻസ് ജെൻഡർമാർ, സെൻട്രൽ വിസ്ത നിർമ്മാണ പ്രവർത്തനത്തിൽ പങ്കാളികളായ തൊഴിലാളികൾ, വന്ദേഭാരത്, മെട്രോ ജീവനക്കാർ തുടങ്ങിയവരെ ചടങ്ങിലേക്ക് ക്ഷണിക്കും. ഞായറാഴ്ച വൈകിട്ട് രാഷ്ട്രപതി ഭവനിലായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങുകൾ. 8,000 ത്തിലധികം അതിഥികൾക്കായി ക്രമീകരണങ്ങൾ ഒരുക്കുന്നതായും റിപ്പോർട്ടുണ്ട്.

✪✪✪

മൂന്നാം തവണയും പ്രധാനമന്ത്രിയാകുന്ന നരേന്ദ്രമോദിക്ക് ലോകനേതാക്കളുടെ അഭിനന്ദന പ്രവാഹം തുടരുന്നു.

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ മോദിയെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചു. ഊഷ്മളമായ ആശംസകൾക്ക് പ്രധാനമന്ത്രി നന്ദിയറിയിച്ചു. ആഗോള നന്മയ്ക്കായി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് തുടർന്നും പ്രവർത്തിക്കാൻ പ്രതിബദ്ധത ആവർത്തിച്ച് ഉറപ്പിച്ചതായും മോദി പറഞ്ഞു.

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസും പ്രധാനമന്ത്രിയെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചു. ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോണും, തായ്‌ലന്റ്, ഭൂട്ടാൻ പ്രധാനമന്ത്രിമാരും മോദിയെ അഭിനന്ദിച്ചു.

തെരഞ്ഞെടുപ്പ് വിജയത്തിൽ നരേന്ദ്രമോദിയെ ഉക്രൈൻ പ്രസിഡന്റ് വ്ലാഡിമിർ സെലൻസ്കിയും അഭിനന്ദനം അറിയിച്ചു. സൗകര്യപ്രദമായ സമയത്ത് ഉക്രൈൻ സന്ദർശിയ്ക്കാൻ സെലൻസ്കി നരേന്ദ്രമോദിയെ ടെലഫോൺ സംഭാഷണത്തിനിടെ ക്ഷണിച്ചു.

✪✪✪

കഴിഞ്ഞ ദശകത്തിൽ വിദ്യാഭ്യാസ മേഖലയിലെ ഗുണപരമായ മാറ്റങ്ങളിൽ NDA ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചതായി നരേന്ദ്രമോദി പറഞ്ഞു. G-20 രാജ്യങ്ങളിലെ QS വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ രാജ്യം ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തിയതിനു പിന്നാലെയാണ് നരേന്ദ്രമോദി ഇക്കാര്യം അറിയിച്ചത്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സ്ഥാപനങ്ങളുടെയും കഠിനാധ്വാനവും അർപ്പണബോധവുമാണ് മികച്ച

വളർച്ചയ്ക്ക് കാരണമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മൂന്നാംതവണ അധികാരമേറ്റാൽ യൂണിവേഴ്സിറ്റികളിൽ ഗവേഷണത്തിനും നവീകരണത്തിനും കൂടുതൽ ശ്രദ്ധ നൽകാൻ ശ്രമിക്കുമെന്നും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

കേന്ദ്ര മന്ത്രിസഭാ രൂപീകരണത്തിനു ശേഷം ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി തെലുഗുദേശം നേതാവ് എൻ ചന്ദ്രബാബു നായിഡു സത്യപ്രതിജ്ഞ ചെയ്യും. സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് പ്രധാനമന്ത്രിയെയും പുതുതായി ചുമതല ഏൽക്കുന്ന കേന്ദ്ര മന്ത്രിമാരെയും ക്ഷണിക്കുമെന്ന് ചന്ദ്രബാബു നായിഡു ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

റിസർവ് ബാങ്ക് പുതിയ ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു. പലിശ നിരക്കിൽ മാറ്റമില്ല. റിപ്പോനിരക്ക് 6.5 ശതമാനമായി തുടരുമെന്ന് RBI ഗവർണ്ണർ ശക്തികാന്ത ദാസ് അറിയിച്ചു. തുടർച്ചയായ എട്ടാം തവണയാണ് റിപ്പോ നിരക്കിൽ മാറ്റമില്ലാതെ നയം പ്രഖ്യാപിക്കുന്നത്.

ഏപ്രിലിലെ പണപ്പെരുപ്പനിരക്ക് 4.83 ശതമാനമാണ്. നിരക്ക് നാല് ശതമാനത്തിൽ താഴെയാക്കാനാണ് RBIയുടെ ശ്രമം. പുതിയ കേന്ദ്ര നയങ്ങളും അടുത്ത മാസത്തെ ബജറ്റും അനുസരിച്ചാകും പുതിയ തീരുമാനങ്ങൾ.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കുമെന്ന് ആം ആദ്മി പാർട്ടി വ്യക്തമാക്കി. ഡൽഹിയിൽ മുഖ്യമന്ത്രിയുടെ വസതിയിൽ ചേർന്ന പാർട്ടി MLA മാരുടെ യോഗത്തിനുശേഷം മന്ത്രി ഗോപാൽ റായ് ആണ് മാധ്യമപ്രവർത്തകരോട് നിലപാട് വ്യക്തമാക്കിയത്.

ഇന്ത്യ ബ്ലോക്ക് ലോക്സഭാ തിരഞ്ഞെടുപ്പിന് വേണ്ടി പ്രത്യേകം രൂപീകരിച്ചതാണെന്നും അദ്ദേഹം പറഞ്ഞു. ആം ആദ്മി പാർട്ടി ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസുമായി ചേർന്നാണ് മത്സരിച്ചതെന്നും എന്നാൽ ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ സഖ്യമുണ്ടാകില്ലെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കർണ്ണാടക BJP MLA കേശവ് പ്രസാദ് നൽകിയ മാനനഷ്ടക്കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗന്ധിക്ക് ബംഗളുരുവിലെ പ്രത്യേക കോടതി ജാമ്യം നൽകി. കേസ് കോടതി അടുത്ത മാസം 30 നു വീണ്ടും പരിഗണിക്കും.

സംസ്ഥാന മുൻ BJP ഗവണ്മെന്റ്, പദ്ധതികൾ നൽകുന്നതിന് നാൽപ്പതു ശതമാനം കമ്മിഷൻ വാങ്ങിയെന്ന് ആരോപിച്ച് മാധ്യമങ്ങളിൽ കോൺഗ്രസ്സ് പരസ്യം നൽകി പ്രചാരണം നടത്തിയതിനെതിരെയാണ് ഹർജി ഫയൽ ചെയ്തത്.

മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി D.K ശിവകുമാറും ജൂൺ ഒന്നിന് ഇതേ കേസിൽ കോടതിയിൽ ഹാജരായി ജാമ്യം നേടിയിരുന്നു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ മൂന്നു വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നു പ്രകാശനം ചെയ്യും. വൈകിട്ട് സെക്രട്ടേറിയറ്റ് വളപ്പിൽ നടക്കുന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു റിപ്പോർട്ട് ഏറ്റുവാങ്ങും. പിണറായി ഗവൺമെന്റ് അധികാരത്തിലെത്തിയ ശേഷം ഓരോ വകുപ്പിലും നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങളും എത്ര ശതമാനം പൂർത്തീകരിച്ചുവെന്നതുമടക്കം വിവരങ്ങളാണ് പ്രോഗ്രസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് LDF നേരിട്ട തിരിച്ചടികളുടെ കാരണം കണ്ടെത്തി തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്ന് INL നിർദ്ദേശിച്ചു. മുന്നണിയെ എന്നും പിന്തുണച്ചിരുന്ന നിഷ്പക്ഷ വോട്ടുകൾ നഷ്ടപ്പെട്ടതിന് കാരണം കണ്ടെത്തണമെന്നും ഇടതുകേന്ദ്രങ്ങളിലുണ്ടായ വോട്ടിടിവും യുഡിഎഫിന്റെ മുന്നേറ്റവും സംബന്ധിച്ച് പഠനം നടത്തണമെന്നും തെരഞ്ഞെടുപ്പ് ഫലം ചർച്ച ചെയ്യാൻ കോഴിക്കോട്ട് ചേർന്ന INL സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഇന്നു മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇടിമിന്നലോടു കൂടിയ തീവ്രമഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

പത്തനംതിട്ട, കോട്ടയം ഒഴികെ 12 ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിങ്കളാഴ്ച വരെ ശക്തമായ മഴ തുടരാനാണ് സാധ്യത.

കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും, മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി.

കേരളതീരത്ത് ഇന്ന് അർദ്ധരാത്രി വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പു ഫലം വന്നശേഷം CPIM ന്റെ ആദ്യത്തെ സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം ആരംഭിച്ചു. രാജ്യസഭാ തിരഞ്ഞെടുപ്പാണ് യോഗത്തിന്റെ പ്രധാന അജണ്ട. രാജ്യസഭയിലേക്ക് മത്സരിക്കുന്ന പാർട്ടി സ്ഥാനാർത്ഥിയുടെ കാര്യത്തിൽ ഇന്നു തീരുമാനമെടുക്കാനാണ് സാധ്യത.

ലോക്സഭാ തിരഞ്ഞെടുപ്പു ഫലത്തെ സംബന്ധിച്ചു പ്രാഥമിക വിലയിരുത്തൽ മാത്രമേ ഇന്നത്തെ യോഗത്തിൽ ഉണ്ടാകൂ. തെരഞ്ഞെടുപ്പ് സംബന്ധമായ റിപ്പോർട്ട് പാർട്ടി ജില്ലാ കമ്മിറ്റികളിൽനിന്ന് അടുത്ത ദിവസങ്ങളിൽ സംസ്ഥാന നേതൃത്വത്തിനു ലഭിക്കും.

ഈ മാസം 16 മുതൽ 20 വരെ ചേരുന്ന CPIM സംസ്ഥാന സെക്രട്ടേറിയറ്റ്, സംസ്ഥാന സമിതി യോഗങ്ങളിലാകും തെരഞ്ഞെടുപ്പ് ഫലത്തെപ്പറ്റി വിശദമായ പരിശോധനയും ചർച്ചയും നടക്കുക.

മന്ത്രി കെ രാധാകൃഷ്ണൻ ആലത്തൂരിൽ വിജയിച്ച സാഹചര്യത്തിൽ പുതിയ മന്ത്രിയുടെ കാര്യത്തിലും രണ്ടു നിയമസഭാ മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പിനെ സംബന്ധിച്ചും സെക്രട്ടേറിയറ്റ് യോഗം വിലയിരുത്തൽ നടത്തും.

✪✪✪

മാസപ്പടി കേസിൽ ED അന്വേഷണത്തിനെതിരെ CMRL ജീവനക്കാർ നൽകിയ ഹർജി ഇന്ന് ഹൈക്കോടതി വീണ്ടും പരിഗണിച്ചേക്കും. ED തുടർച്ചയായി സമൻസ് അയച്ച് വിളിപ്പിക്കുന്നതിനെതിരെയാണ് ഹർജി. എന്നാൽ രാഷ്ട്രീയ നേതാക്കൾക്ക് പണം നൽകിയെന്ന് CMRL MD യും CFO യും മറ്റു ഏജൻസികളോട് സമ്മതിച്ചിട്ടുണ്ടെന്നും അതിനാൽ ജീവനക്കാരുടെ ഹർജി തള്ളണമെന്നുമാണ് ED യുടെ വാദം.

✪✪✪

സംസ്ഥാനത്ത് ഗവണ്മെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നവരെ കണ്ടെത്താൻ വിജിലൻസ് നടത്തിയ പരിശോധനയിൽ പത്തനംതിട്ട ജില്ലയിൽ ആറ് ഡോക്ടർമാരെ പിടികൂടി. ഇതിൽ മൂന്നുപേർ സ്വകാര്യ പ്രാക്ടീസ് നടത്തിയിരുന്ന സ്ഥലങ്ങളിൽനിന്നും വിജിലൻസിനെ വെട്ടിച്ച് കടന്നു.

✪✪✪

അന്തരിച്ച പ്രമുഖ ഫുട്ബോൾ താരം കണ്ണൂർ തളാപ്പിലെ O.K.സത്യന്റെ സംസ്കാരം കണ്ണൂർ പയ്യാമ്പലത്ത് നടത്തി.

അഞ്ചുവർഷം കേരളത്തിനുവേണ്ടി സന്തോഷ് ട്രോഫിയിൽ കളിച്ചിട്ടുണ്ട്. കേരള, ഗോവ ഫുട്ബോൾ ടീം ക്യാപ്റ്റൻ, കോച്ച്, മാനേജർ, സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി എട്ടിന് കാനഡ അയർലണ്ടിനെ നേരിടും.

ഇന്നലെ മുൻ ചാമ്പ്യൻമാരായ പാകിസ്ഥാനെതിരെ അമേരിക്ക അട്ടിമറി ജയം നേടിയിരുന്നു. ഡള്ളാസിൽ പാക്കിസ്ഥാനെ സൂപ്പർ ഓവറിൽ അഞ്ചു റൺസിനാണ് ആതിഥേയരായ അമേരിക്ക തോൽപ്പിച്ചത്.

✪✪✪

സ്വർണവില വർദ്ധിച്ചു. പവന് 240 രൂപ കൂടി 54,080 രൂപയായി. ഗ്രാമിന് 6,760 രൂപയാണ് ഇന്നത്തെ വില.

✪✪✪

ജാതീയാധിക്ഷേപത്തിനെതിരെ RLV രാമകൃഷ്ണൻ നൽകിയ കേസിൽ നർത്തകി സത്യഭാമയുടെ മുൻകൂർ ജാമ്യാപേക്ഷയിൽ ഹൈക്കോടതി ഇന്ന് വിധി പറഞ്ഞേക്കും. സത്യഭാമയുടെ മുൻകൂർ ജാമ്യഹർജി നെടുമങ്ങാട് SC/ST പ്രത്യേക കോടതി തള്ളിയതിനെ തുടർന്നാണ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്.

✪✪✪

കണ്ണൂർ പാനൂരിൽ ബോംബ് നിർമാണത്തിനിടെ സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന CPIM പ്രവർത്തകനെ അറസ്റ്റ് ചെയ്തു. വലിയപറമ്പത്ത് വിനീഷ് ആണ് അറസ്റ്റിലായത്. ഇതോടെ കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തു.

✪✪✪

വിശുദ്ധ ഹജ്ജ് കർമ്മത്തിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം ഈ മാസം 15 നു നടക്കും. ഇന്നലെ സൗദിയിൽ ദുൽ ഹജ്ജ് മാസപ്പിറവി ദൃശ്യമായതോടെയാണ് അറഫാ ദിനം സ്ഥിരീകരിച്ചത്. ലക്ഷക്കണക്കിന് വിശ്വാസികൾ ഈ ദിനത്തിൽ അറഫ മൈതാനിയിൽ സംഗമിക്കും.

ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഈ മാസം 16 നാണ് ബലി പെരുന്നാൾ. ഒമാനിൽ ബലിപെരുന്നാൾ 17 നാണ്.

✪✪✪

**കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് രണ്ട് വിമാനങ്ങളിലായി 722 തീർത്ഥാടകർ ഇന്ന് ഹജ്ജിന് പോകും. 361 പേരുമായി ആദ്യ വിമാനം പുറപ്പെട്ടു. രണ്ടാമത്തെ വിമാനം രാത്രി 11.25 നാണ്.**

✪✪✪

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെയും ആരോഗ്യ പ്രവർത്തകരുടെയും പ്രവർത്തനങ്ങളെ സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ.ഡയറക്ടർ ഡോ. വിശ്വനാഥനെ ചുമതലപ്പെടുത്തി.**

**ആലപ്പുഴ മെഡിക്കൽ കോളജിൽ ചികിത്സ തേടി എത്തിയ നിരവധി രോഗികൾ മരിക്കാനിടയായ സംഭവത്തിൽ ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യപ്പെട്ട് മന്ത്രി വീണാ ജോർജിന് K.C.വേണുഗോപാൽ എം.പി കത്ത് നൽകിയിരുന്നു. നേരത്തെ ഇതേ ആവശ്യം ഉന്നയിച്ച് വേണുഗോപാൽ മന്ത്രിയുമായി ഫോണിൽ ആശയവിനിമയവും നടത്തി.**

✪✪✪

**ഇന്ന് ലോക ഭക്ഷ്യ സുരക്ഷാ ദിനം. 2019 മുതലാണ് ഈ ദിനം ആചരിച്ചു തുടങ്ങിയത്. "ഭക്ഷ്യസുരക്ഷ: അപ്രതീക്ഷിതമായ കാര്യങ്ങൾക്കായി തയ്യാറെടുക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.**

**ഭക്ഷ്യ സുരക്ഷയുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം വളർത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് ദിനം ലക്ഷ്യമിടുന്നത്.**

**ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ രാവിലെ മന്ത്രി വീണാ ജോർജ് നിർവഹിക്കും.**

✪✪✪

**കുടുംബശ്രീ സംസ്ഥാന സർഗോൽസവം അരങ്ങ് 2024 ന് ഇന്ന് കാസർഗോഡ് പിലിക്കോട്ട് തിരശ്ശീലയുയരും.**

**മറ്റന്നാൾ വരെ 14 വേദികളിലായി നടക്കുന്ന സർഗോൽസവം വൈകീട്ട് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും.**

✪✪✪